# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.9)152/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.9)152/23 തീയ്യതി: 13/04/2023

## എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 03-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-01-2023 | 03-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയബീവി ജെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
റഷീദ് സി.എം., അസി. ഓഡിറ്റ് ഓഫീസർ
അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വപ്ന വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഇ പി ജോർജ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റെയ്സൺ വി വർഗ്ഗീസ് | അസി:സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ശോഭാ ജെയിംസ് | അസി:എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മേരിമോൾ ജേക്കബ് | കൃഷി ഓഫീസർ | 01-04-2021 | 26-10-2021 |
| ശ്രീമതി.ഷാരോൺ വി എം | കൃഷി ഓഫീസർ | 27-10-2021 | 31-03-2022 |
| ശ്രീമതി. കൃഷ്ണകുമാരി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ആശാ പോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 04-05-2021 |
| ശ്രീമതി.ശ്രീദേവി എ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 05-05-2021 | 31-10-2021 |
| ശ്രീമതി. ആശാ പോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-11-2021 | 31-03-2022 |
| ശ്രീ. ജോവിൻസ് എ കെ | വി ഇ ഒ, ഊരമന | 01-04-2021 | 05-02-2022 |
| ഒഴിവ് | വി ഇ ഒ, ഊരമന | 06-02-2022 | 31-03-2022 |
| ശ്രീ.അനിൽ കെ ജോസ് | വി.ഇ.ഒ രാമമംഗലം | 01-04-2021 | 31-03-2022 |
| ശ്രീ. ജയിംസ് ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 01-08-2021 |
| ശ്രീ.മനോജ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-08-2021 | 31-03-2022 |
| ഡോ. ശ്രീലേഖ ടി.വി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. അനിൽകുമാർ എൻ.ആർ. | മെഡിക്കൽ ഓഫീസർ, ആയർവേദം | 01-04-2021 | 31-03-2022 |
| ഡോ. മായാദേവി | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ. ഹരികുമാർ എം. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തികവിശകലനം | 1-3 |
| 5 | ഫണ്ട് വിശകലനം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമ സഭ | 1-11 |
| 13 | അസെറ്റ് മാനേജ്മെന്റ് | 1-12 |
| 14 | ആസ്തി രജിസ്റ്റർ | 1-13 |
| 15 | തൊഴിൽ നികുതി -അപാകതകൾ | 1-14 |
| 16 | കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-15 |
| 17 | വസ്തു നികുതി -അപാകതകൾ | 1-16 |
| 18 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-17 |
| 19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-18 |
| 20 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത | 1-19 |
| 21 | സർക്കാർ നിർദ്ദേശമില്ലാതെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റി | 1-20 |
| 22 | ഇന്റീരിയർ പെയിന്റിംഗിന് അധിക നിരക്ക് - 14790 രൂപ നഷ്ടം | 1-21 |
| 23 | സാമൂഹ്യസുരക്ഷാപെൻഷൻ-അപാകതകൾ | 1-22 |
| 24 | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ - അധിക തുക ചെലവഴിച്ചു | 1-23 |
| 25 | ഏർലി ഇന്റർവെൻഷൻ സെന്റർ – വിഹിതം അടവാക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-24 |
| 26 | ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം | 1-25 |
| 27 | അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിക്കൽ -ബാക്കി തുക തിരിച്ചടച്ചില്ല | 1-26 |

| | | |
|---|---|---|
| 28 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല | 1-27 |
| 29 | റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് അടക്കാനുള്ള തുക അടവാക്കിയില്ല | 1-28 |
| 30 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഇന്റീരിയർ പെയിന്റിംഗിന് അധിക നിരക്ക് - 14790 രൂപ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 02.02.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 2(2)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 2888798.00 | 8566146.00 | (-)5677348.00 |
| വരവ് | 148562000.00 | 65269181.00 | 83292819.00 |
| ആകെ | 151450798.00 | 73835327.00 | 77615471.00 |
| ചെലവ് | 149685000.00 | 65670647.00 | 84014353.00 |
| നീക്കിയിരുപ്പ് | 1765798.00 | 8164680.00 | (-)6398882.00 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 8.32 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 8.4 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ബജറ്റ് യാഥാർത്ഥ്യത്തോടെ പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാനതീയതി | ലഭിച്ച തീയതി |
|---|---|
| 31.07.22 | 23.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1, Excess Of Income Over Expenditure എന്ന ഹെഡിന്റെ മുൻവർഷത്തെ നീക്കിയിരിപ്പിലേക്ക് Gross Surplus/deficite Of Income Over Expenditure After Prior Period Items ക്രമീകരിച്ച തുക 31.03.2022ലെ Excess Of Income Over Expenditure തുകയുമായി പൊരുത്തപ്പെടുന്നില്ല.

2, ഇ-ടെൻഡർ ഫീ ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൌണ്ടിൽ വരവ് വന്നിട്ടുള്ള തുകയുടെ കൃത്യത പരിശോധിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുകയോ, ലഭിക്കാനുള്ള തുക Other Receivables എന്ന ഹെഡ്ഡിൽ അക്കൗണ്ട് ചെയ്യുന്നതിനുള്ള നടപടികളും ചെയ്തിട്ടില്ല.

3, B-15 ഷെഡ്യൂളിൽ വസ്തു നികുതിയിനത്തിൽ തുക കുടിശ്ശികയുണ്ട്. എന്നാൽ നികുതി കുടിശ്ശിക കണക്കാക്കി I&E-ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8566146.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 65269181.00 |
| ആകെ | 73835327.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 65670647.00 |
| നീക്കിയിരിപ്പ് | 8164680.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14790.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 513643.00 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)) | നീക്കിയിരുപ്പ്/ ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7641099 | 7641099 | 7639236 | 1863 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4691833 | 4691833 | 4684073 | 7760 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 0 | 4930886 | 4930886 | 2335057 | 2595829 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 24669000 | 24669000 | 19552310 | 5116690 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 0 | 2130137 | 2130137 | 1314766 | 815377 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 5657055 | 5657055 | 3148344 | 2508711 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | |
| ഐസിഡിഎസ് | 663732 | 521244 | 1184976 | 964587 | 220389 |
| സ്വച്ച് ഭാരത് മിഷൻ | 1736540 | 0 | 1736540 | 1504737 | 231803 |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | |
| ശുചിത്വമിഷൻ | 2220 | 89 | 2309 | 0 | 2309 |
| ലൈബ്രറി ഗ്രാന്റ് | 4510 | 17550 | 22060 | 22060 | 0 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 4510 | 132 | 4642 | 0 | 4642 |
| ഭവനനിധി | 203 | 4 | 207 | 0 | 207 |
| ഫിഷറീസ് | 1665 | 0 | 1665 | 0 | 1665 |
| കേരളോത്സവം | 7370 | 0 | 7370 | 0 | 7370 |
| ആരോഗ്യ ജാഗ്രത | 683950 | 130000 | 813950 | 130000 | 683950 |
| ലൈഫ് – സംസ്ഥാന വിഹിതം | 720000 | 2160000 | 2880000 | 2699600 | 180400 |
| അവാർഡുകൾ | 200000 | 0 | 200000 | 0 | 200000 |
| നബാർഡ് സഹായം | 432650 | 15485 | 448135 | 15485 | 432650 |

.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം ) | പദ്ധതി ചെലവ് | നടപ്പാക്കാത്തത് (എണ്ണം ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | പൂർത്തീകരിച്ചത് (എണ്ണം ) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 146 | 78499152 | 126 | 50068143 | 19 | 1 | 126 | 86.30 % |

.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10659 | 912156 | 922815 | 920403 | 2412 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 22894598 | 22894598 | 22894598 | 0 |
| ആകെ | 10659 | 23806754 | 23817413 | 23815001 | 2412 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 4502000 | 306 |
| വാർദ്ധക്യകാലപെൻഷൻ | 19298200 | 1544 |
| വിധവാപെൻഷൻ | 7849300 | 537 |
| വികലാംഗപെൻഷൻ | 2681000 | 164 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 697600 | 42 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.01.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13698/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ,പെർമിറ്റ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ തൃപ്തികരമായ രീതിയിൽ സൂക്ഷിക്കുന്നുണ്ട്.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4.വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നു. ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

5.ഗ്രാമപഞ്ചായത്തിൽ സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകുന്നവരുടെ കൃത്യമായ വിവരം ലഭ്യമല്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.11.2021 | 01.01.2021 മുതൽ 31.10.2021 വരെ | 09.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2016 മുതൽ 08.02.2016 വരെ | 2010-11 മുതൽ 2014-15 വരെ | 06.03.2016 |

## 1-11 ഗ്രാമ സഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടാൻ സാധിച്ചിട്ടില്ല. നിലവിൽ ഗ്രാമസഭകൾ കാര്യക്ഷമമായി കൂടുന്നുണ്ട്.

## 1-12 അസെറ്റ് മാനേജ്മെന്റ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ആസ്തി രജിസ്റ്റർ

സ.ഉ.(എം.എസ്.)152/2011/ തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല . ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല . ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല .

## 1-14 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. 2021-22 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

(2021-22 രണ്ട് അർദ്ധവർഷത്തേയും)

| ക്രമ നം. | സ്ഥാപനത്തിന്റ പേര് | ജീവനക്കാരുടെ എണ്ണം | ലൈസൻസ് നം . | റിമാർക്സ് |
|---|---|---|---|---|
| 1 | വലിയ മറവത്ത് ഇൻഡസ്ട്രീസ്, സോമിൽ, രാമമംഗലം | 4 | 12/2021-22 | |
| 2 | റിതിൻ ഗ്രാനൈറ്റ്സ്, രാമമംഗലം | 4 | 18/2021-22 | 2 പേർ അടച്ചു |
| 3 | കരവത്തോട്ടത്തിൽ ഓട്ടോഫ്യൂവൽസ്, രാമമംഗലം | 4 | 20/2021-22 | 2 പേർ അടച്ചു |
| 4 | തേവർക്കാട്ട് എഞ്ചിനീയറിംഗ് വർക്ക്സ്, രാമമംഗലം | 4 | 21/2021-22 | |
| 5 | ഡോൾഫിൻ .ഐ.ബി.ഐ , രാമമംഗലം | 3 | 24/2021-22 | |
| 6 | സെന്റ് ജോർജ് മെഡിക്കൽസ്, ഊരമന | 3 | 31/2021-22 | |
| 7 | റോസ് വില്ല ഇന്റീരിയേഴ്സ് , രാമമംഗലം | 3 | 87/2021-22 | |

| | | | | |
|---|---|---|---|---|
| 8 | മിസ് ടെക്ക് രാമമംഗലം | 5 | 105/2021-22 | |
| 9 | ശാലോം ഇൻഡസ്ട്രീസ്, ഊരമന | 3 | 114/2021-22 | |
| 10 | കെ.കെ ഫ്യൂവൽസ്, ഊരമന | 6 | 116/2021-22 | |
| 11 | കൊച്ചിൻ ഓവർഹെഡ് ലൈൻസ് , ഊരമന | 5 | 126/2021-22 | |
| 12 | ഷാരോൺ റബേഴ്സ് , രാമമംഗലം | 6 | 132,133/2021-22 | |
| 13 | റോയൽ കയർ നിർമ്മാണം, മാമ്മലശ്ശേരി | 4 | 135/2021-22 | |
| 14 | കാരക്കാട്ട് സിമന്റ് ഇൻഡസ്ട്രീസ്, രാമമംഗലം | 3 | 137/2021-22 | |
| 15 | പ്ലാത്തോട്ടം ബ്രിക്സ്, രാമമംഗലം | 6 | 149/2021-22 | |
| 16 | സോണീസ് കഫേ , രാമമംഗലം | 5 | 154/2021-22 | |
| 17 | യൂണിക്ക് ഹോപ്പ് അടുക്കള , കമ്പനിപ്പടി, രാമമംഗലം | 4 | 155/2021-22 | |
| 18 | പഴയിടത്ത് കേറ്ററിംഗ് സർവീസ്, രാമമംഗലം | 3 | 159/2021-22 | |
| 19 | മെട്രോ ലൈറ്റ് &സൌണ്ട്സ്, | 4 | 168/2021-22 | |
| 20 | ബേബീസ് കാറ്ററിംഗ് യൂണിറ്റ്, കിഴുമുറി | 3 | 169/2021-22 | |
| 21 | കുടുംബശ്രീ കലവറ | 5 | 193/2021-22 | |
| 22 | സപ്ലൈക്കോ സൂപ്പർ മാർക്കറ്റ്, | 6 | 192/2021-22 | 2 പേർ അടച്ചു |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1/30.1.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

## 1-15 കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും.
2021-22 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | സായിബു രാജൻ, മടക്കാലിൽ |
| 2 | ജോജിഷ് ജോസ്, വടക്കേമൂടായിൽ |
| 3 | എം.സി രാജൻ, മാരിയിൽ |
| 4 | അഖിൽ ജോസഫ്,പുറംപോക്കിൽ |

| | |
|---|---|
| 5 | സജി ടി.ജേക്കബ്, താണിക്കുന്നേൽ |
| 6 | പി .വി ജോർജ് പടിഞ്ഞാശ്ശേരിൽ |
| 7 | പി.സി ജോർജ് പുതുമന |
| 8 | ബിജു കെ ചെറിയാൻ, കദളിക്കാട്ടിൽ |
| 9 | ജോയ്.കെ. ജോൺ, കാർത്തുള്ളിൽ |
| 10 | ബേസിൽ എബ്രഹാം, തെക്കിലകത്ത് |
| 11 | ലിജിൻ ജോർജ്, വടക്കേതടത്തിൽ |
| 12 | പി.കെ ചാക്കോ പുത്തൻപുരക്കൽ |
| 13 | ഏലിയാസ് പി. വർഗ്ഗീസ്, പടിയേടത്ത് |
| 14 | ബേസിൽ കെ.ഡേവിഡ്, കുഴപ്പിള്ളിൽ |
| 15 | ലിജിൻ ജോർജ്, വടക്കേത്തടത്തിൽ |
| 16 | സാബു കെ.ജോൺ, പുത്തൻപുരക്കൽ |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം18/3.2.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ കരാറുകാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

## 1-16 വസ്തു നികുതി -അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവക്ക് 50 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, 2013 ഒന്നാം അർദ്ധവർഷത്തിൽ നികുതിനിർണ്ണയം നടത്തിയ 400 ച.മീറ്റർ തറവിസ്തൃതിയുള്ള 5/248 നമ്പർ വാണിജ്യാവശ്യത്തിനുള്ള ഗോഡൗൺ വിഭാഗത്തിൽപെടുന്ന കെട്ടിടത്തിന് ഇതരവ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിൽ ഉൾപ്പെടുത്തി 40 രൂപ നിരക്കിലാണ് നികുതിനിർണ്ണയം നടത്തി ഈടാക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമ | വിസ്തതി (ച.മീ.) | ച. മീറ്ററിന് 50 രൂപ നിരക്കിൽ നിർണ്ണയി ക്കേണ്ടിയിരുന്ന നികുതി (50% ഇളവ്, വർദ്ധനവ് ഇല്ല, 5% ലൈബ്രറി സെസ്സ്) ഉൾപ്പെടെ | ച. മീറ്ററിന് 40 രൂപ നിരക്കിൽ നിർണ്ണയിച്ച നികുതി (50% ഇളവ്, വർദ്ധനവ് ഇല്ല, 5%ലൈബ്രറി സെസ്സ് ഉൾപ്പെടെ | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| തങ്കമണി എബ്രഹാം | 400 | =20000-10000+ 500 =10500/- | 16000-8000+ 400 8400/- | 2100/- |

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/31.1.2023) ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടം റബ്ബർ സംഭരിച്ച് എക്സ്പോർട്ടിംഗ് ഇൻഡസ്ട്രി നടത്തുന്നു എന്നാണ്. ആയതിനാൽ പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ള ഗോഡൌൺ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ടി കെട്ടിടത്തിന്റെ വസ്തു നികുതിയിനത്തിൽ ഈടാക്കിയതിൽ കുറവു വന്ന തുകയായ 2100/-രൂപ 2013 മുതലുള്ള കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. സഞ്ചയയിലും പ്രസ്തുത മാറ്റം വരുത്തി ഫോം-6 സഹിതം രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചാത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്ത് ഇതരവ്യവസായാവശ്യങ്ങൾക്കുള്ള സ്ഥാപനങ്ങളുടെ വസ്തുനികുതി 40 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 2013 ൽ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയം നടത്തിയ 150 ച.മീറ്റർ തറവിസ്തൃതിയുള്ള 8/85 നമ്പർ വ്യവസായ ആവശ്യത്തിനുള്ള 16 എച്ച്.പി. മോട്ടോർ കൊണ്ട് പ്രവർത്തിക്കുന്ന പേപ്പർ കാർട്ടൻ ബോക്സ് നിർമ്മാണ കെട്ടിടത്തിന് കരകൗശല നിർമ്മാണ ഷെഡിൽ ഉൾപ്പെടുത്തി 10 രൂപ നിരക്കിലാണ് നികുതിനിർണ്ണയം നടത്തി ഈടാക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമ | വിസ്തൃതി (ച.മി.) | ച. മീറ്ററിന് 40 രൂപ നിരക്കിൽ നിർണ്ണയി ക്കേണ്ടിയിരുന്ന നികുതി(40% ഇളവ്, 20% വർദ്ധനവ്, 5% ലൈബ്രററി സെസ്സ്) ഉൾപ്പെടെ | ച. മീറ്ററിന് 10 രൂപ നിരക്കിൽ നിർണ്ണയിച്ച നികുതി (40% ഇളവ്,20% വർദ്ധനവ്, 5% ലൈബ്രറി സെസ്സ് ഉൾപ്പെടെ | ഈടാക്കി യതിൽ കുറവ് |
|---|---|---|---|---|
| പോൾ മാത്യു | 150 | 6000-2400+1200+240= 5040/-(പരമാവധി വർദ്ധനവ് 2042/- രൂപ ) | 1500-600+300+60= 1260/- | 2042-1260=782/- |

ടി കെട്ടിടത്തിന് 1993ൽ എ.ആർ.വി യുടെ അടിസ്ഥാനത്തിൽ 1021/- രൂപ വാർഷിക വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ സ.ഉ (എം.എസ്) നം.144/15/ത.സ്വ.ഭ.വ തീയതി 27.4.2015 പ്രകാരം ടി കെട്ടിടത്തിന് വാർഷിക വസ്തു നികുതി 2042/- രൂപ വരെ വർദ്ധിപ്പിച്ച് 2013 മുതൽ ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത വർദ്ധനവ് വരുത്താതെ മേൽ കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/3.2.2023) മറുപടി

ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് വസ്തുനികുതിയിനത്തിൽ ഈടാക്കിയതിൽ കുറവുവന്ന തുകയായ 782/-രൂപ 2013 മുതലുള്ള കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. സഞ്ചയയിലും പ്രസ്തുത മാറ്റം വരുത്തി ഫോം -6 സഹിതം രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-18 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ തൻവർഷത്തെ വസ്തു നികുതി, വസ്തുനികുതി കുടിശ്ശിക എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ കെട്ടിട നം. | വസ്തു നികുതി കുടിശ്ശിക കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ ടവർ, 1/375/A1 | 2019 Ist Half മുതൽ - 2022 Nd Half വരെ | 29940/- |
| 2 | ഡെപ്യൂട്ടി ജനറൽ മാനേജർ, ഓഫീസ് ഓഫ് ദ പി ജി എം സി (ബിൽഡിംഗ്), ബിഎസ് എൻ എൽ ഭവൻ, കൊച്ചിൻ-16 /4/317/A | 2019 Ist Half മുതൽ - 2022 Nd Half വരെ | 12780/- |
| 3 | ഡെപ്യൂട്ടി ജനറൽ മാനേജർ ഓഫീസ് ഓഫ് ദ പി ജി എം സി (ബിൽഡിംഗ്), ബിഎസ് എൻ എൽ ഭവൻ, കൊച്ചിൻ-16 /6/98/A1 | 2019 Ist Half മുതൽ - 2022 Nd Half വരെ | 60596/- |
| 4 | ഡെപ്യൂട്ടി ജനറൽ മാനേജർ ഓഫീസ് ഓഫ് ദ പി ജി എം സി (ബിൽഡിംഗ്), ബിഎസ് എൻ എൽ ഭവൻ, കൊച്ചിൻ-16 8/135/A1 | 2019 Ist Half മുതൽ - 2022 Nd Half വരെ | 13784/- |
| 5 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്/ 13/373/A1 | 2020 Ist Half മുതൽ - 2022 Nd Half വരെ | 36660/- |

മേൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക സഹിതം ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/02.02.2023) ലഭ്യമാക്കിയ മറുപടിയിൽ

മേൽ മൊബൈൽ ടവറുകളുമായി ബന്ധപ്പെട്ട് റവന്യൂറിക്കവറി നടപടികൾക്കായി നോട്ടീസ് നൽകിയിട്ടുള്ളതാണ് എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി മൊബൈൽ ടവറുകളുമായി ബന്ധപ്പെട്ടുള്ള റവന്യൂറിക്കവറി, തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥാപനത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടി തുക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം യന്ത്രത്തിന്റെ കുതിര ശക്തി | ലൈസൻസ് നം. |
|---|---|---|---|---|
| 1 | ഇടശ്ശേരിൽ റൈസ് മിൽ ആന്റ് സ്റ്റേഷനറി | തമ്പി ഇ.ഐ | 7.5 എച്ച്.പി | 158/2021-22 |
| 2 | തേവർക്കാട്ട് എഞ്ചിനീയറിംഗ് വർക്ക്സ് | മധുസൂധനൻ ടി.കെ | 18 എച്ച്.പി | 21/2021-22 |
| 3 | കെ.കെ ഫ്യൂവൽസ് | അനിൽ കുര്യാക്കോസ് | 16 എച്ച്.പി | 116/2021-22 |
| 4 | കരവത്തോട്ടത്തിൽ ഓട്ടോ ഫ്യൂവൽസ് | ജയകുമാർ കെ.ജി | 4 എച്ച്.പി | 20/2021-22 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/1.2.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-20 സർക്കാർ നിർദ്ദേശമില്ലാതെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റി

2021-22 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരൊഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം പല തവണകളായി താല്ക്കാലികമായി മാറ്റിവെച്ചു കൊണ്ട് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം തന്നെ 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. നമ്പർ ഉത്തരവിലൂടെ 2021-22 സാമ്പത്തിക വർഷത്തെ ആർജാതാവധി സറണ്ടർ 31/05/2021 വരെ സർക്കാർ നീട്ടിയിരുന്നു. തുടർന്നും ഇത് 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് G.O(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരവും ഇപ്രകാരമുള്ള നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചുകൊണ്ട് G.O(P) No. 160/2021/ Fin. Dated 01/12/2021 നമ്പർ പ്രകാരവും സർക്കാർ ഉത്തരവിട്ടിരുന്നു.

2021-22 സാമ്പത്തിക വർഷം വിവിധ ഉത്തരവുകൾ വഴി സംസ്ഥാനത്തെ എല്ലാ സർക്കാർ നിയന്ത്രണമുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം പൊതുവെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ഈ കാലയളവിൽ ആർജിതാവധി പണമാക്കി മാറ്റാൻ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയതുക | വൗച്ചർനം&തീയതി |
|---|---|---|---|---|
| 1 | സിന്ധു .വി. | സെക്രട്ടറി | 81696/- | 22100116/ 2-6-21 |
| 2 | റെയ്സൺ വി.വർഗ്ഗീസ്. | അസി.സെക്രട്ടറി | 72372/- | 22100114/ 2-6-21 |
| 3 | സിമി കെ . തോമസ് | അക്കൗണ്ടന്റ് | 53058/- | -- |

| | | | | |
|---|---|---|---|---|
| 4 | ഷിന ജോർജ്ജ് | ഹെഡ്ക്ളാർക്ക് | 57054/- | -- |
| 5 | കീർത്തിമോൾ എസ്. | സീനി.ക്ളാർക്ക് | 49395/- | -- |
| 6 | ബിന സി.ഡി | സീനി.ക്ളാർക്ക് | 42513/- | -- |
| 7 | സുമിൻ.റ്റി.എസ് | സീനി.ക്ളാർക്ക് | 42513/- | -- |
| 8 | ബ്ളാഡിഷ് വാസു | ക്ളാർക്ക് | 33633/- | -- |
| 9 | അനിത കൃഷ്ണൻ | ക്ളാർക്ക് | 31909/- | -- |
| | | ആകെ | 464143/- | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 464143/- രൂപ പഞ്ചായത്തിലെ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ (നം.2/തീ.29-01-23) മറുപടിയിൽ ആർജ്ജിതാവധി സറണ്ടർ ചെയ്ത സമയത്ത് ആയത് അനുവദനീയമല്ല എന്നുള്ള സർക്കാർ ഉത്തരവുകൾ ഒന്നും നിലവിൽ ഉണ്ടായിരുന്നില്ല എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ലീവ് സറണ്ടർ ആനുകൂല്യം പുനഃസ്ഥാപിച്ചുകൊണ്ടുള്ള ഉത്തരവ് ഇല്ലാത്ത സാഹചര്യത്തിൽ ഈ മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നതിന് വിധേയമായി ചെലവ് തുക 464143/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ഇന്റീരിയർ പെയിന്റിംഗിന് അധിക നിരക്ക് - 14790 രൂപ നഷ്ടം

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പെയിന്റിംഗ് പ്രവൃത്തിയിൽ കെട്ടിടങ്ങളുടെ ഉൾഭാഗങ്ങൾക്ക് എക്സ്റ്റീരിയർ പെയിന്റിന്റെ നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക അനുവദിച്ചതായി കാണുന്നു.പ്രൊജക്ട് നം S0096/2022 പ്രകാരമുള്ള പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രൊജക്ടിന്റെ പെയിന്റിംഗിനാണ് ഇപ്രകാരം അധിക തുക നൽകിയത്. വിശദ വിവരം ഭാഗം 3.1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-22 സാമൂഹ്യസുരക്ഷാപെൻഷൻ-അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ /റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | കുര്യൻ ഔസേഫ് | കർഷക തൊഴിലാളി പെൻഷൻ<br><br>എറണാകുളം – മണീട് ഗ്രാമ | 18.10.2021 | 4/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | പഞ്ചായത്ത് | | | |
| 2 | രാമൻകുട്ടി ടി.എ | ക്ഷേമനിധി ബോർഡ് പെൻഷൻ (Member Pension) | 16.12.2021 | ഡിബിറ്റി വിതരണ വിവരങ്ങൾ ലഭ്യമല്ല | അക്കൗണ്ട് ആക്റ്റീവായി തുടരുന്നു |
| 3 | കുഞ്ഞുപെണ്ണ് | കർഷക തൊഴിലാളി പെൻഷൻ എറണാകുളം - തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി | 13.2.2021 | 9/21 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 10/21 മുതൽ 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 4 | ശ്രുശാൻ മത്തായി | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 30.3.2021 | 4/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | സാലി വി എം | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം – ശാരീരികം | 30.9.2021 | 4/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 6 | ചന്ദ്രൻ ഭാസ്കരൻ | Agricultural Office Ramamangalam Agricultural Depat (Agriculture Pension)) | 28.9.2021 | 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്റ്റീവായി തുടരുന്നു |
| 7 | ഉലഹന്നാൻ കെ കെ | കർഷക തൊഴിലാളി പെൻഷൻ | 7.10.2021 | 10/21 മുതൽ 4/22 വരെ തുക കൈമാറുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 8 | രാജമ്മ ബാലകൃഷ്ണൻ നായർ | ഇന്ദിരാ ഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ | 27.8.2021 | 4/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 9 | നന്ദിനിയമ്മ | ഇന്ദിരാ ഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ | 2.1.2022 | 4/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 10 | മറിയാമ്മ മാത്യു | ഇന്ദിരാ ഗാന്ധി ദേശീ വാർദ്ധക്യകാല പെൻഷൻ | 8.2.2022 | 4/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 11 | ടി.പി മത്തായി | ക്ഷേമനിധി ബോർഡ് പെൻഷൻ | 4.1.2022 | 5/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു 6/22 മുതൽ 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല. | അക്കൗണ്ട് ആക്റ്റീവായി തുടരുന്നു |

1) ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൗണ്ടുകളിലേക്ക് ഗുണഭോക്താക്കളുടെ മരണശേഷം നിലവിലും പെൻഷൻ തുക നിക്ഷേപിക്കുന്നുണ്ട്.

2) പെൻഷണറുടെ മരണശേഷം ആക്റ്റീവ് ആയി തുടരുന്ന മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൗണ്ടുകൾ നിലവിലും സസ്പെൻഡ് ചെയ്തിട്ടില്ല.

3) മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകിയിട്ടുള്ളത് സംബന്ധിച്ച രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.

4) ക്രമ നം.3, 8, 12 ഉൾപ്പെടെ ഗുണഭോക്താക്കൾക്ക് കൈമാറുവാൻ സാധിക്കാതെ/അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിക്കാതെ ഗുണഭോക്താക്കളുടെ മരണശേഷം നിരവധി പെൻഷൻ തുകകൾ ഉപയോഗശൂന്യമായി ബാങ്കുകളിൽ അവശേഷിക്കുന്നുണ്ട്. ആയത് സർക്കാരിലേക്ക് തിരിച്ചടക്കുവാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുവാനും ഇത്തരം ഗുണഭോക്താക്കളുടെ പൂർണ്ണ വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കുവാനും ഇതിൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുള്ളത്, അടക്കുവാൻ ബാക്കിയുള്ളത് എന്നീ വിവരങ്ങൾ പരിശോധനക്കായി ലഭ്യാക്കുവാനും പരാമർശത്തിലെ മറ്റ് അപാകതകൾ പരിഹരിക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/2.2.2023) ലഭ്യമായ മറുപടിയിൽ ദേശസാൽകൃത ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണശേഷം ബാങ്ക് അക്കൗണ്ടിലേക്ക് വന്നിട്ടുള്ള തുക DBT സെല്ലിന്റെ അക്കൌണ്ടിലേക്ക് തിരിച്ചടക്കണം എന്ന് കാണിച്ച് ബാങ്കിന് കത്ത് നൽകാറുണ്ടെന്നും തുക തിരികെ അടവാക്കിയതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നും മറുപടി നൽകിയിട്ടുണ്ട്. മരണപ്പെട്ട വ്യക്തി ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവായതിനാൽ തുക തിരിച്ചടച്ചതു സംബന്ധിച്ച വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് ബാങ്കിൽ നിന്നും കൈപ്പറ്റി സൂക്ഷിക്കേണ്ടതാണ്.

സഹകരണ ബാങ്ക് മുഖേന പെൻഷൻ നേരിട്ട് വാങ്ങുന്ന ഗുണഭോക്താക്കളുടെ മരണശേഷം കൈമാറുവാൻ സാധിക്കാതെ ബാങ്കിലുള്ള തുകകൾ സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്.

ക്രമ നം.2, 7, 12 പ്രകാരമുള്ള പെൻഷൻ ഗുണഭോക്താക്കളുടെ മരണം രാമമംഗലം ഗ്രാമപഞ്ചായത്തിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.ആയതിനാൽ പ്രസ്തുത ഡിപ്പാർട്ട്മെന്റ് /ബോർഡിലേക്ക് കത്ത് നൽകി പെൻഷൻ സസ്പെന്റ് ചെയ്ത് തുക തിരികെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശം നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള/ബാങ്കിന് കൈമാറിയിട്ടുള്ള തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഉൾപ്പെടാത്ത അനർഹമായി പെൻഷൻ തുകകൾ കൈപ്പറ്റിയിട്ടുള്ള ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കളുടേയും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനും തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/ ആയത് ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകി പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ - അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | S0023/22, പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ |
| നിർവഹണം | ഹെഡ്മാസ്റ്റർ, ഗവ. എൽപി സ്കൂൾ |
| അടങ്കൽ, ഫണ്ടിനം | 450000/- (വികസനഫണ്ട് എസ് സി പി) |
| ചെലവ് | 438939/- |
| ബിൽ നം. | 316/22.03.2022 |

മേൽ പ്രോജക്ട് മുഖേന 9 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് GeM മുഖേന സെർവിറ്റ് സിസ്റ്റം, വിദ്യാനഗർ ക്രോസ് റോഡ്, കടവന്ത്ര എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി നൽകിയിട്ടുണ്ട്. ഒരു ലാപ്പ് ടോപ്പിന് 48771/- രൂപ നിരക്കിൽ 9 എണ്ണത്തിന് 438939/- രൂപ ചെലവഴിച്ചാണ് ലാപ് ടോപ്പ് വാങ്ങി നൽകിയത്. തദ്ദേശസ്ഥാപനങ്ങൾക്കാവശ്യമായ ലാപ്ടോപ്പുകൾ സി.പി.ആർ.സി.എസ് പോർട്ടലിൽ നിന്ന് തന്നെ വാങ്ങേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.20 ലെ ഡി.എ1/363/2019 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കാലതാമസമുണ്ടായാൽ ടെണ്ടർ, ഇ-ടെണ്ടർ മുഖേന വാങ്ങൽ നടത്താമെങ്കിലും ലാപ്ടോപ്പുകൾ മേൽ സർക്കുലർ പ്രകാരം നിശ്ചയിച്ച സ്പെസിഫിക്കേഷനിൽ ഉള്ളതും സർക്കുലറിൽ സൂചിപ്പിച്ചതിനേക്കാൾ കുറഞ്ഞ വിലയിലുള്ളതും ആയിരിക്കണമെന്ന് 07.09.20 ലെ ഡി.എ1/153/2020 നമ്പർ സർക്കുലറിൽ ഉത്തരവായിട്ടുണ്ട്. സി.പി.ആർ.സി.എസ് പോർട്ടലിൽ നിന്ന് ലാപ്പ് ടോപ്പ് ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതിനാൽ 28.02.2022 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ (ആർ.ടി) 482/2022 നം ഉത്തരവ് പ്രകാരം GeM മുഖേന ലാപ്പ് ടോപ്പ് വാങ്ങാവുന്നതാണ്. ഉബുണ്ടു അധിഷ്ഠിതമായ Intel Core-Processor I3-7020/U/7100U@ 2.3GHz, Memory 4gb DDR-4 RAM/DDR3 RAM Expandable Up To At Least 8gb/16/gb ലാപ്ടോപ്പുകൾ വാങ്ങുവാനാണ് 363/2019 നമ്പർ സർക്കുലറിൽ സ്പെസിഫൈ ചെയ്തിട്ടുള്ളത്. എന്നാൽ HPയുടെ 250 GB-Processor I3 1115 G4-8GB-512GG SSDW10H15 With WINDOWS ലാപ്ടോപ്പുകളാണ് പ്രോജക്ട് മുഖേന വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.09.2019 ലെ സർക്കാർ ഉത്തരവ് (ആർ.ടി)2081/2019 പ്രകാരം ഒരു ലാപ്പ്ടോപ്പിന് പരമാവധി 38902/-രൂപയാണ് നികുതിയുൾപ്പെടെ ചെലവഴിക്കാവുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി 8gb RAM ഉള്ള ലാപ്ടോപ്പ് വാങ്ങിയത് വഴി വിലയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. ലാപ്ടോപ്പ് ഒന്നിന് നികുതിയുൾപ്പെടെ 48771/- രൂപയാണ് നല്കിയിട്ടുള്ളത്. ഇപ്രകാരം അധികവില നല്കി ലാപ്ടോപ്പ് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 3/31.01.2023) പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തുമാണ് പ്രസ്തുത ലാപ്പ്ടോപ്പ് വാങ്ങിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. മറുപടി തൃപ്തികരമല്ല. സർക്കാർ ഉത്തരവിൽ അനുവദിച്ച തുകയേക്കാൾ അധികം തുക ചെലവഴിച്ചതിന് ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

.

## 1-24 ഏർലി ഇന്റർവെൻഷൻ സെന്റർ - വിഹിതം അടവാക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0145/22, സ്റ്റെങ്തെനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റർ – വിഹിതം അടവാക്കൽ |
| അടങ്കൽ തുക | 20000/-(വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് തുക | 20000/- |
| ബിൽ നം/തീയതി | 124/19.11.21 |

മേൽ പദ്ധതി പ്രകാരം എറണാകുളം ജില്ലാപഞ്ചായത്തിൽ നിന്നുള്ള DP-13/1043/21, 26.11.21 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൗണ്ടായ 799013100000010 -ലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 20000/- രൂപ മെഡിക്കൽ ഓഫീസർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയതിന് വിശദകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 6/31.01.203) ജില്ലാ പഞ്ചായത്ത് പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 20000/- രൂപ തടസപ്പെടുത്തുന്നു.

.

## 1-25 ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| പ്രോജക്ട് നം. | S0144/22, ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായം – വിഹിതം അടവാക്കൽ |
| അടങ്കൽ തുക | 29500/-(വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് തുക | 29500/- |
| ബിൽ നം/തീയതി | 214/04.02.22 |

മേൽ പദ്ധതി പ്രകാരം എറണാകുളം ജില്ലാപഞ്ചായത്തിൽ നിന്നുള്ള DP-13/1014(1)/21, 01.01.2022 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൗണ്ടായ 799013100000010 -ലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 29500/- രൂപ മെഡിക്കൽ ഓഫീസർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയതിന് വിശദകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 7/31.01.2023) ജില്ലാ പഞ്ചായത്ത് പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 29500/- രൂപ തടസപ്പെടുത്തുന്നു.

.

## 1-26 അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിക്കൽ -ബാക്കി തുക തിരിച്ചടച്ചില്ല

| | |
|---|---|
| പ്രോക്ടിന്റെ പേര് | അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിക്കൽ |
| പ്രോക്ട് നം. | S0147/22 |
| അടങ്കൽ, ഫണ്ട് | 54000/- ശിശുവികസന പദ്ധതി ഗ്രാന്റ് |
| ചെലവ് | 52020/- |
| വൌച്ചർ നം./തിയതി | 22100350//20.01.2022 |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ സ്വന്തം കെട്ടിടങ്ങളിലും, സ്കൂൾ കെട്ടിടങ്ങളിലും, വാടകരഹിത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ഏകീകൃത നെയിംബോർഡ് സ്ഥാപിക്കുന്നതിന് ഒരങ്കണവാടിക്ക് 3000/- രൂപ നിരക്കിൽ ശിശുവികസന പദ്ധതി ഓഫീസറിൽ നിന്നും ആകെ 54000/- രൂപ ലഭിച്ചിരുന്നു. ഒരു നെയിംബോർഡിന് 2890/- രൂപ ക്വോട്ട് ചെയ്ത പുതിയകാവ്, ശ്രീലാൽ വെൽഡിംഗ് വർക്സ് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി നടപ്പാക്കുന്നതിന് ക്വട്ടേഷൻ നടപടിയിലൂടെ തെരഞ്ഞെടുത്തത്. ആകെ 18 നെയിംബോർഡുകൾ സ്ഥാപിച്ചതിന് 52020/ രൂപ ചെലവായിട്ടുണ്ട്. എന്നാൽ ചെലവ് തുക കഴിച്ച് ബാക്കി 1980/- രൂപ ശിശുവികസന വകുപ്പിൽ തിരിച്ചടച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/2.02.2023) വകുപ്പിൽ നിന്നും നിർദേശം ലഭിക്കുന്ന മുറക്ക് ബാക്കി തുക തിരിച്ചടക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

### 1-27 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല

രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ B4 ഷെഡ്യൂൾ പ്രകാരം ഏതാനും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ 2021-22 വർഷത്തിൽ ചെലവഴിച്ചിട്ടില്ല. 2020-21ൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക തന്നെയാണ് ഈവർഷവും ബാക്കിയുള്ളത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൌണ്ട് ഹെഡ് | 31.03.2022ലെ നീക്കിയിരിപ്പ് |
|---|---|---|
| 1, | Awards And Honours (320100105) | 200000/- |
| 2, | Grants, Funds & Contributions For Specific Purposes - Other Government Agencies (320300199) | 432650/- |
| 3, | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats (320700204) | 38922/- |

മേൽ സൂചിപ്പിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്കായി ലഭിച്ച തുകകൾ പ്രോജക്ട് തയ്യാറാക്കി ചെലവാക്കാത്തതിനും, ചെലവഴിച്ച ശേഷം ബാക്കിയുള്ള തുകകൾ ഗ്രാന്റ് ലഭ്യമാക്കിയ സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 20/03.02.2023) മറുപടി ലഭിച്ചില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ നിർദേശങ്ങൾക്ക് വിധേയമായി അടിയന്തിരമായി ചെലവാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

### 1-28 റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് അടക്കാനുള്ള തുക അടവാക്കിയില്ല

2021-22 വർഷത്തെ ബാലൻസ് ഷീറ്റിലെ B 9 പത്രിക പ്രകാരം താഴെ പറയുന്ന തുകകൾ സർക്കാരിലേക്ക് /മറ്റ് സ്ഥാപനങ്ങളിലേക്ക് അടവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

| ക്രമ നം | അക്കൗണ്ട് ഹെഡ് | ഫണ്ട് ഇനം | തുക (രൂപയിൽ) |
|---|---|---|---|
| 1 | 350300107 | Government And Other Dues Payable - River Management Fund | 3672327 |
| 2 | 350300108 | Government And Other Dues Payable – Royalty | 116600 |

മുൻ വർഷങ്ങളിലെ ബി 9 പത്രികയിലും ഈ തുകകൾ നീക്കിയിരിപ്പുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടിലേക്കും, റോയൽറ്റി ഇനത്തിൽ സർക്കാരിലേക്കും അടവാക്കാനുള്ള തുകകൾ അടവാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി ന.. 22/03.02.2023) മറുപടി ലഭിച്ചില്ല. റിവർ മാനേജ്മെന്റ് ഫണ്ടിലേക്കും, റോയൽറ്റി ഇനത്തിൽ സർക്കാരിലേക്കും അടവാക്കാനുള്ള തുകകൾ അടവാക്കി വിവര ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

### 1-29 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

മീറ്ററിംഗ് സംവിധാനത്തോട് കൂടിയ തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനവും, കേരള വൈദ്യുതി ബോർഡിലെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയറും സംയുക്ത പരിശോധന നടത്തി ഏതൊക്കെ സ്ഥലങ്ങളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നതിനെ സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിക്കണമെന്നും സർക്കുലർ നമ്പർ 43742/ഡി.സി3 /2010/ത.സ്വ.ഭ.വ, തീയതി.07.07.2010 ഉത്തരവിലും, സർക്കുലർ നമ്പർ 65529/ഡി.സി3 /2012/ത.സ്വ.ഭ.വ, തീയതി.12.03.2013 ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ എൻക്വയറിക്ക്(നം-17/2.01.2023)ലഭ്യമാക്കിയ മറുപടിയിൽ തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നും മീറ്ററിംഗ് സംവിധാനം ഭാഗികമായി മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനും

കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇന്റീരിയർ പെയിന്റിംഗിന് അധിക നിരക്ക് - 14790 രൂപ നഷ്ടം

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പെയിന്റിംഗ് പ്രവൃത്തിയിൽ കെട്ടിടങ്ങളുടെ ഉൾഭാഗങ്ങൾക്ക് എക്സ്റ്റീരിയർ പെയിന്റിന്റെ നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക അനുവദിച്ചതായി കാണുന്നു. പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | S0096/2022 |
| പ്രൊജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസ് നവീകരണം |
| അടങ്കൽ,ഫണ്ടിനം | 400000/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 303734/- |
| എം ബുക്ക് നമ്പർ | 37/21-22 |
| ട്രഷറി ബിൽ നമ്പർ | 341/25.03.2022 |
| കൺവീനർ | ജോയി കെ ജോൺ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി: എഞ്ചിനീയർ |

ഉൾഭാഗങ്ങളിലെ പെയിന്റിംഗിന് എക്സ്റ്റീരിയർ പെയിന്റിന്റെ നിരക്ക് നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| എം ബുക്ക് പേജ് നമ്പർ | നൽകിയ ഇനം /അളവ് (കോഡ് നം 13. 46.1)കോസ്റ്റ് ഇൻഡക്സ് 39.89 Finishing Walls With Acrylic Smooth Exterior Paint Of Required Shade | നിരക്ക് | നൽകിയ തുക | നൽകാവുന്ന ഇനം /അളവ് (കോഡ് നം.13.98.1) Wall Painting With Plastic Emulsion Paint | നിരക്ക് | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 15 | 468.92 | 134.36 | 63004.00 | 468.92 | 102.82 | 48214 | 14790 |

അധിക തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (12/01.02.2023) 03.02.2023 ന് മറുപടി ലഭ്യമാക്കി. ആയതിൽ അധിക തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു.

അധികം നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരന് അധികമായി അനുവദിച്ച 14790 രൂപ തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികധനകാര്യപത്രിക പരിശോധിച്ചത്.

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 207180 | ക്ഷീരകർഷകർക്ക് പാലിന് സബ്സീഡി | 207180 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250400 | ലൈഫ് ഭവനപദ്ധതി - ജനറൽ | 250400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | ലൈഫ് ഭവനപദ്ധതി - എസ് സി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ആകെ | | 1157580 | | 1157580 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1024300 | നെൽകൃഷി സംരംക്ഷണം | 1024300 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 406600 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 406600 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 700000 | ലൈഫ് ഭവനപദ്ധതി - എസ് സി | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 34955 | വരണ്ടകപ്പാടം സംരക്ഷണം | 34955 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 72300 | ക്ഷീരകർഷകർക്ക് പാലിന് സബ്സീഡി | 72300 | 0 |
| ആകെ | | 2438155 | | 2438155 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | വൗച്ചർ നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 693392/- | 42100613/ 31.03.2022 | 0 | 693392/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2021-22 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| വായ്പ-ലൈഫ് ഭവനനിർമ്മാണം | ജിഒ(എംഎസ്) 6105/2019/fin. Dt.01.08.2019 | 26,68,000 | 2022667 | 1290668 | 0 | 731999 |

ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 2,77,921/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 29,255/-രൂപയും എസ്.ടി. വിഭാഗത്തിൽ 14,627/-രൂപയും ഉൾപ്പെടെ 1290668/- രൂപ സ്രോതസ്സിൽ നിന്നും ജി.ഒ. പ്രൊജക്റ്റുകൾ വഴി കുറവ് ചെയ്തിരുന്നു. ഈ തുകയാണ് തൻവർഷത്തെ ലൈഫ് ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-3 | 2006-07 | 3-47-1 | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി | മറുപടി നൽകിയിട്ടുണ്ട് |
| 2013-14 & 2014-15 | 2-1 | 2016-17 | അധ്യായം 2 | തൊഴിൽനികുതി | മറുപടി നൽകിയിട്ടുണ്ട് |
| 2019-20 | 1-23 | 202021 | | ക്യാൻസർരഹിത എറണാകുളം പദ്ധതിയുടെ വിശ വിവരങ്ങൾ ഹാജരാക്കിില്ല | മറുപടിയും, അനുബന്ധരേഖകളു നൽകിയിട്ടുണ്ട് |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65269181.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65670647.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14790.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 513643.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 14790 | ശ്രീമതി.ശോഭാ ജെയിംസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 14790 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 20000/- | ഡോ. മായാദേവി, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 1-25 | 29500/- | ഡോ. മായാദേവി, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 1-20 | 464143/- | ശ്രീമതി. സിന്ധു വി. സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ആകെ | 513643/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശോഭാ ജെയിംസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മണീട് ഗ്രാമപഞ്ചായത്ത് | ചെറുവിള്ളിൽ, വടമ്പാടി പിഒ, പുത്തൻകുരിശ് |
| ഡോ. മായാദേവി, മെഡിക്കൽ ഓഫീസർ, സി എച്ച് സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. രാമമംഗലം | ഉഷസ്സ്, ജെട്ടി റോഡ്, കോട്ടയം |
| ശ്രീമതി. സിന്ധു വി. സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നമ്പർ. B4- Diamond Towers, തേവര, പെരുമാനൂർ പി.ഒ കൊച്ചി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളൂ. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള കത്ത് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(1)/2019/5.8.2019 | 11 |

| | | | |
|---|---|---|---|
| 2 | 1997-98 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(2)/2019/5.8.2019 | 17 |
| 3 | 1998-99 | എൽ.എഫ്.ഇ.(പി.3) 1161/2000 /23.3.2001 | 40 |
| 4 | 2006-07 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(4)/2019/5.8.2019 | 3 |
| 5 | 2007-08 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(5)/2019/5.8.2019 | 3 |
| 6 | 2008-09, 2009-10, 2010-11 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(6)/2019/5.8.2019 | 12 |
| 7 | 2011-12, 2012-13 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(7)/2019/5.8.2019 | 10 |
| 8 | 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(8)/2019/5.8.2019 | 1 |
| 9 | 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.9) 2045/2016 | 8 |
| 10 | 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.9)1485/2017/11.09.2017 | 10 |
| 11 | 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1610/2018 | 10 |
| 12 | 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.9)004/2020/3.2.2020 | 9 |
| 13 | 2019-20 | കെ.എസ്.എ.ഇ.കെ.എം. (പി.9)492/2021/30.03.2021 | 8 |
| 14 | 2020-21 | കെ.എസ്.എ.ഇ.കെ.എം. (പി.9)461/22/01.08.2022 | 48 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്